# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2227** **06/10/2016 ൽ മറുപടി**

**സംസ്ഥാനത്തെ 8 മുതൽ 12 വരെ ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിന് പദ്ധതി**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും 8 മുതൽ 12 വരെ ക്ലാസ്സുകൾ ഹൈടെക് ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിക്കുമോ; | (എ) യും (ബി) യും | സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ അടുത്ത രണ്ടു വർഷം കൊണ്ട് ഹൈടെക്ക്ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകാൻ ഉദ്ദേശിക്കുന്നു. വിവിധ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. പദ്ധതി നിർവ്വഹണം സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേന നടത്താൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ ഐടി@സ്കൂൾ പ്രോജക്ടാണ് ഇതിനു മേൽനോട്ടം വഹിക്കുന്നത്. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ആർക്കാണ് ഇതിന്റെ ചുമതലയെന്നും ഈ വർഷം പദ്ധതി നടപ്പിലാക്കുന്നുണ്ടോയെന്നും വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ